സ്ഥാപനത്തിന്റെ പേരിൽ പട്ടയം ലഭിക്കുന്നതിന് ഉണ്ടായിട്ടുള്ള ചില തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) ഗ്രന്ഥശാലകൾക്ക് പട്ടയം ഇല്ലാത്തതുമൂലം കെട്ടിടം പണിയുന്നതിനും മറ്റുമുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ഗ്രന്ഥശാലകളുടെ പേരിൽ തന്നെ പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) കേരള ഭൂമിപതിവ് (1.1.77-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ് കഴിഞ്ഞമാസം ഇടുക്കി ജില്ലയിൽ പട്ടയ വിതരണം നടത്തിയത്. പ്രസ്തുത ചട്ടങ്ങളിൽ കൃഷി ചെയ്യുന്നതിനും വീട് വയ്ക്കുന്നതിനും, വ്യാപാര സ്ഥാപനങ്ങൾക്കും (ഷോപ്പ് സൈറ്റ്) മാത്രമേ ഭൂമി പതിച്ചുനൽകാൻ വ്യവസ്ഥയുള്ളൂ. മേൽ കാരണത്താലാണ് ഗ്രന്ഥശാലകൾക്കും മറ്റ് പൊതു സ്ഥാപനങ്ങൾക്കും പട്ടയം നൽകാനാവാത്തത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(1502) കൈവശമുള്ള ഭൂമിയിൽ വീട്, കിണർ മുതലായവ നിർമ്മിക്കുന്നതിന് അവകാശം നൽകുന്നതിനുള്ള നടപടി

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992- ന് മുമ്പ് കൈവശമുള്ള ഭൂമിയിൽ വീട്, കക്കൂസ്, കിണർ ഇവ നിർമ്മിക്കുന്നതിന് കൈവശക്കാർക്ക് അവകാശം നൽകുന്നത് സംബന്ധിച്ച്1996 -ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് മേശപ്പുറത്ത് വെയ്ക്കുമോ;

(സി) ഈ ഉത്തരവ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് നിർദ്ദേശം നൽകുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വീടും മറ്റ് പ്രാഥമിക സൗകര്യങ്ങളും ലഭിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഗ്രാമ പഞ്ചായത്തുകളിലെയും, നഗര കോർപ്പറേഷൻ പ്രദേശങ്ങളിലെയും തോട്, പുഴ, കുളം, റോഡ്, കനാൽ പുറമ്പോക്കുകൾ 1.1.1992 -ന് മുമ്പ് കൈവശം വച്ചനുഭവിക്കുന്നവർക്ക് ചില നിബന്ധനകൾക്ക് വിധേയമായി കൈവശരേഖ നൽകുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. വിദ്യുച്ഛക്തി കണക്ഷനും റേഷൻ കാർഡിനും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനും സമാന ആവശ്യങ്ങൾക്കും കൈവശരേഖ ഉപയോഗപ്രദമാക്കാവുന്നതാണ്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(1503) കൈവശരേഖ നൽകിയവർക്ക് പട്ടയം

ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര ഭൂരഹിതർക്ക് കൈവശരേഖ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര വീതം;

(സി) ഇവർക്ക് പട്ടയം ലഭിക്കാത്തതുമൂലമുണ്ടായിരിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ തോട്, പുഴ, കുളം, റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്ന പദ്ധതി അനുസരിച്ച് 3277 കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക്

തിരുവനന്തപുരം	28
കൊല്ലം	63
പത്തനംതിട്ട	402
ആലപ്പുഴ	182
കോട്ടയം	1405
ഇടുക്കി	122
എറണാകുളം	28
തൃശൂർ	538
പാലക്കാട്	150
മലപ്പുറം	35
കോഴിക്കോട്	25
വയനാട്	60
കണ്ണൂർ	110

അപേക്ഷകൾ പരിഗണനയിലാണ്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly